# ത്യാഗത്തിന്റെ മാധുര്യം

**എന്താണ്** ത്യാഗം? ഏറെ പേരും ധരിക്കുന്നത്, അടിയും ഇടിയും വെട്ടും കുത്തും അനുഭവിക്കലാണ് ത്യാഗം; ജയിലിൽ പോകലും വധിക്കപ്പെടലുമാണ്. തീർച്ചയായും അതൊക്കെയും ത്യാഗം തന്നെ. എന്നാൽ യഥാർഥ ത്യാഗം ഏറ്റവും പ്രിയപ്പെട്ട തെന്തോ അത് ത്യജിക്കലാണ്. ഏറ്റവും പ്രായസകരമായത് ചെയ്യലും. ഉന്നത ലക്ഷ്യത്തിനു വേണ്ടിയുള്ള ത്യാഗമാണ് ഏറ്റം മഹത്തരം.

ബൈബിൾ വിവരണമനുസരിച്ച് ആദമിന് നാലു മക്കളുണ്ടായിരുന്നു. രണ്ട് ആണും രണ്ട് പെണ്ണും. ഖാബീലും ഹാബീലും ആൺമക്കൾ. ലൂഥയും ഇഖ്‌ലീമയും പെൺമക്കൾ. ഇഖ്‌ലീമ പിറന്നത് ഖാബീലിനോടൊപ്പം; ലൂഥ ഹാബീലിനോടൊപ്പവും. അതിനാൽ ഖാബീൽ കല്യാണം കഴിക്കേണ്ടത് ലൂഥയെ; ഹാബീൽ ഇഖ്‌ലീമയെയും. പക്ഷേ, ഖാബീലിന് പ്രിയം ഇഖ്‌ലീമയോട്. അത് അരുതെന്ന് ആദം. അങ്ങനെ ത്തന്നെ വേണമെന്ന് ഖാബീൽ. എങ്കിൽ പ്രശ്നത്തിന് വഴിപാടിലൂടെ പോംവഴി കാണട്ടെ എന്ന് ആദം നിർദേശിച്ചു. വിജയിയുടെ ആഗ്രഹം അംഗീകരിക്കപ്പെടും. പരാജിതൻ പിന്മാറണം. വഴിപാട് നടന്നു. സ്വീകാര്യപ്പെട്ടത് ഹാബീലിന്റേത്. അത് ഖാബീലിനെ കോപാന്ധനാക്കി. അയാൾ അലറി: "നിന്നെ ഞാൻ കൊല്ലും."

ഹാബീൽ പ്രതിവചിച്ചു: "ഭക്തന്മാരുടെ ബലിയേ അല്ലാഹു സ്വീകരിക്കുകയുള്ളൂ. എന്നെ കൊല്ലാൻ നീ എന്റെ നേരെ കൈനീട്ടിയാലും നിന്നെ കൊല്ലാൻ ഞാൻ നിന്റെ നേരെ കൈ നീട്ടുകയില്ല. തീർച്ചയായും ഞാൻ പ്രപഞ്ചനാഥനായ അല്ലാഹുവെ ഭയപ്പെടുന്നു" (ഖുർആൻ 5:27,28).

ശാന്തമായ ഈ മറുപടി ഖാബീലിനെ ഒട്ടും സ്വാധീനിച്ചില്ല. അയാൾ സഹോദരൻ ഹാബീലിനെ കൊലപ്പെടുത്തി. ഭൂമിയിൽ ആദ്യമായി മനുഷ്യന്റെ ചോര ചിന്തി. അന്നാരംഭിച്ച കൊല ഇന്നും തുടരുന്നു. അപരാധികളേക്കാൾ എത്രയോ ഇരട്ടി നിരപരാധികൾ വധിക്കപ്പെടുന്നു. ഖാബീലിന്റെ ഭീഷണിയെ ശാന്തമായി നേരിട്ടു എന്നതാണ് ഇവിടെ ഹാബീൽ അനുഷ്ഠിച്ച ത്യാഗം. 'നിന്നെ ഞാൻ കൊല്ലും' എന്ന് പറയുന്നവനോട് ഹാബീൽ പറഞ്ഞതുപോലെ പ്രതികരിക്കാൻ അത്യപൂർവം ആളുകൾക്കേ സാധ്യമാവൂ.

എന്തായിരുന്നു നൂഹ് നബിയുടെ ത്യാഗം? അദ്ദേഹം ജയിലിൽ പോയിട്ടില്ല. എന്തെങ്കിലും ശാരീരിക പീഡനങ്ങളനുഭവിച്ചതായി ചരിത്രം രേഖപ്പെടുത്തിയിട്ടില്ല. ക്രൂരമായി പരിഹസിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം അതൊക്കെ സഹിച്ചിട്ടുമുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ത്യാഗം മറ്റൊന്നാണ്. ഒരു പിതാവിന് സ്വന്തം മക്കളോടു പോലും ഒരു കാര്യം എട്ടോ പത്തോ തവണയേ പറയാൻ കഴിയൂ. കൂടിയാൽ പതിനഞ്ചോ ഇരുപതോ തവണ. എന്നാൽ നൂഹ് നബി നീണ്ട തൊള്ളായിരത്തി അമ്പതാണ്ട് ഒരേ സത്യം തന്റെ സമൂഹത്തോട് പറഞ്ഞുകൊണ്ടേയിരുന്നു. മടിയോ മടുപ്പോ കൂടാതെ. സാധാരണഗതിയിൽ അസാധ്യമായ ഇക്കാര്യം

താനെങ്ങനെ നിർവഹിച്ചുവെന്ന് നൂഹ് നബി തന്നെ വ്യക്തമാക്കുന്നു:

"നാഥാ, രാവും പകലും ഞാനെന്റെ ജനത്തെ വിളിച്ചു. എന്നാൽ എന്റെ ക്ഷണം അവരെ കൂടുതൽ അകറ്റുകയാണുണ്ടായത്. നീ അവർക്ക് മാപ്പേകാനായി ഞാന വരെ വിളിച്ചപ്പോഴൊക്കെയും അവർ കാതിൽ വിരൽ തിരുകുകയും വസ്ത്രം കൊണ്ട് മൂടുകയുമായിരുന്നു. അവർ തങ്ങളുടെ ദുശ്ശാഠ്യത്തിലുറച്ചുനിന്നു. അങ്ങേയറ്റം അഹ ങ്കരിക്കുകയും ചെയ്തു. വീണ്ടും ഞാനവരെ ഉറക്കെ വിളിച്ചു. പിന്നെ പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി" (ഖുർആൻ 71:5–9).

അറിയപ്പെടുന്ന മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലിയ ത്യാഗിവര്യന്മാരിലൊ രാളാണ് ഇബ്റാഹീം നബി. നാലഞ്ചുതരം കഠിന ത്യാഗങ്ങൾ അദ്ദേഹം സഹിച്ചു. അതുകൊണ്ടുതന്നെയാവണം ലോകത്ത് ഏറ്റവും കൂടുതൽ ആദരിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തിത്വമായി അദ്ദേഹം മാറിയത്. ലോകജന സംഖ്യയുടെ മൂന്നിൽ രണ്ടുവരുന്ന ജൂത, ക്രൈസ്തവ, മുസ്‌ലിം സമൂഹങ്ങൾ അദ്ദേ ഹത്തെ അതിയായി ആദരിക്കുന്നു. വിശുദ്ധ ഖുർആൻ ഏറ്റവും കൂടുതൽ പ്രശം സിച്ച പ്രവാചകനും മറ്റാരുമല്ല. ഖുർആൻ പറയുന്നു: "ഇബ്റാഹീം സ്വയംതന്നെ ഒരു പൂർണ സമുദായമായിരുന്നു. അല്ലാഹുവിനോട് വണക്കമുള്ളവനും ഏകാഗ്രചിത്ത നും. അദ്ദേഹം ഒരിക്കലും ബഹുദൈവവിശ്വാസിയായിരുന്നില്ല. അല്ലാഹുവിന്റെ അനു ഗ്രഹങ്ങൾക്ക് നന്ദി കാണിക്കുന്നവനായിരുന്നു. അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെ ടുക്കുകയും നേർമാർഗത്തിലേക്ക് നയിക്കുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹ ത്തിനു നന്മ നൽകി. പരലോകത്ത് തീർച്ചയായും അദ്ദേഹം സജ്ജനങ്ങളുടെ കൂട്ട ത്തിലാകുന്നു" (16:120–122).

"ഇബ്റാഹീം വളരെ ക്ഷമാശീലനും ദയാലുവും സദാ പശ്ചാത്തപിച്ച് മടങ്ങു ന്നവനുമായിരുന്നു" (11:75).

ഇബ്റാഹീം നബി അല്ലാഹുവിന്റെ മഹത്തായ പ്രശംസക്ക് അർഹനായത് അതുല്യ ത്യാഗങ്ങളുടെ പേരിലായിരുന്നു. ആദർശനിഷ്ഠയുടെ പേരിൽ അദ്ദേഹം തനിക്കേറെ പ്രിയപ്പെട്ട പിതാവിന്റെയും കുടുംബത്തിന്റെയും ജനതയുടെയും ശത്രുത ഏറ്റുവാങ്ങി (60:4). അഗ്നികുണ്ഠത്തിലെറിയപ്പെട്ടപ്പോൾ ക്ഷമാപൂർവം അതിനെ അഭി മുഖീകരിച്ചു. തനിക്ക് ഏറെ പ്രിയപ്പെട്ട ജന്മനാടിനോടും കുടുംബത്തോടും വിട പറ ഞ്ഞു. ഇറാഖിൽനിന്ന് ഏകാന്ത പഥികനായി ഇറങ്ങിപ്പുറപ്പെട്ടു (37:99). ജോർദാൻ, ഫലസ്ത്വീൻ, ഈജിപ്ത് തുടങ്ങിയ നാടുകളിലൂടെ കഠിനമായ പ്രയാസം സഹിച്ച് തനിയെ സത്യപ്രബോധനാർഥം സഞ്ചരിച്ചു. അവസാനം ജീവിതസായാഹ്നത്തിൽ അല്ലാഹു കനിഞ്ഞേകിയ ഓമന മകനെയും അവന്റെ മാതാവിനെയും ജനശൂന്യവും ജലശൂന്യവും ഫലശൂന്യവുമായ മക്കാ താഴ്‌വരയിൽ താമസിപ്പിച്ചു (14:37). പിന്നീട് സ്വന്തം മകനെ ബലി നൽകാൻ കൽപിക്കപ്പെട്ടപ്പോൾ അതിനും സന്നദ്ധനായി. മകനെ കൊല്ലുന്നതിനേക്കാൾ എത്രയോ കഠിനമായ നിയോഗമാണ് അദ്ദേഹത്തിന് നിർവ ഹിക്കാനുണ്ടായിരുന്നത്. മകനെ ബലി നൽകാൻ മകന്റെ തന്നെ സമ്മതം വാങ്ങുക യെന്നതായിരുന്നു അത്. അതും അദ്ദേഹം നിർവഹിച്ചു (37:102). തനിക്ക് ഏറെ പ്രിയ പ്പെട്ടത് പ്രപഞ്ചനാഥന്റെ പ്രീതി പ്രതീക്ഷിച്ച് ത്യജിക്കാനും ഏറ്റം പ്രയാസകരമായത് ചെയ്യാനും അനേകം തവണ സന്നദ്ധനായതിലൂടെ ഇബ്റാഹീം നബി ത്യാഗത്തിന്റെ ആൾ രൂപമായി മാറി.

ഏതൊരു സ്ത്രീക്കും താങ്ങാവുന്നതിലപ്പുറമുള്ള അനുഭവമാണ് ഹാജറയെ തേടിയെത്തിയത്. അവർക്ക് മക്കയിൽ തന്റെ കൊച്ചു കുഞ്ഞിനോടൊപ്പം തനിച്ചു താമസിക്കേണ്ടിവന്നു. അന്ന് അവിടെ അതിരുകളില്ലാത്ത വിശാലവും വന്യവുമായ

താഴ്‌വരയായിരുന്നു. അവിടെ ആരുമില്ല. ജീവന്റെ തുടിപ്പുപോലുമില്ല. അവരുടെ വശം ആകെ ഉണ്ടായിരുന്നത് ഒരു തോൽസഞ്ചിയിൽ അൽപം വെള്ളവും ഇത്തിരി കാരക്കയും മാത്രം. പകൽ കത്തുന്ന വെയിൽ. രാത്രി കട്ട പിടിച്ച കൂരിരുട്ട്. ഭീകര നിശ്ശബ്ദത. ശ്മശാനമൂകത! ഏതു ധീരനെയും പേടിപ്പെടുത്തുന്ന ഏകാന്തത! എന്നിട്ടും ഹാജറ എല്ലാം സഹിച്ചു. ക്ഷമിച്ചു. അല്ലാഹുവിൽ ദൃഢമായി വിശ്വസിച്ചു. അവനിൽ ഭരമേൽപിച്ചു. പ്രപഞ്ചനാഥന്റെ സഹായത്തെ സംബന്ധിച്ച പ്രതീക്ഷയോടെ സ്ഥൈര്യപൂർവം നിലകൊണ്ടു. അത്യസാധാരണമായ ഈ ത്യാഗത്തിന് അല്ലാഹു അർഹമായ അംഗീകാരം നൽകി. അവർ ലോകത്തിലെ ഏറ്റവും ശ്രദ്ധേയയായ സ്ത്രീയായി മാറി. അവരെപ്പോലെ അനുകരിക്കപ്പെടുകയും പിന്തുടരപ്പെടുകയും ചെയ്യുന്ന ഒരു പെണ്ണും ഈ ലോകത്തില്ല. തന്റെ ഓമന മകന് ദാഹജലം തേടി അവർ കയറിയിറങ്ങിയ സ്വഫായും മർവായും അല്ലാഹുവിന്റെ അടയാളങ്ങളായി. അവിടെ കയറി നിൽക്കാതെയും അവക്കിടയിൽ അവർ നടന്നതുപോലെ നടക്കാതെയും ആർക്കും ഹജ്ജോ ഉംറയോ നിർവഹിക്കാനാവില്ല. അങ്ങനെ പ്രസിഡന്റുമാരും പ്രധാനമന്ത്രിമാരും രാജാക്കന്മാരും ചക്രവർത്തിമാരും ഉൾപ്പെടെ എല്ലാവരും അവരെ അനുകരിക്കുന്നു. അവരുടെ പാത പിന്തുടരുന്നു. ഒരു സ്ത്രീയുടെ നിർത്തവും നടത്തവുമൊക്കെ ദൈവാരാധനയായി മാറിയ മഹാ വിസ്മയമാണിവിടെ സംഭവിച്ചത്. എല്ലാം അതുല്യമായ ത്യാഗത്തിനു ലഭിച്ച അർഹമായ അംഗീകാരം!

സച്ചരിതരായ ഖലീഫമാർ, പ്രമുഖ സ്വഹാബിമാർ, ഉമറുബ്നു അബ്ദിൽ അസീസ്, നാല് ഇമാമുകൾ, ഇമാം ഗസ്സാലി, ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ തുടങ്ങി ചരിത്രത്തിലെ അനശ്വര വ്യക്തിത്വങ്ങൾക്കെല്ലാം ജന്മമേകിയത് അവരുടെ ത്യാഗമനോഭാവമാണ്. ആധുനികകാലത്തെ ശഹീദ് ഹസനുൽ ബന്നായും സയ്യിദ് ഖുത്ബും സയ്യിദ് മൗദൂദിയും സഈദ് നൂർസിയുമൊക്കെ ആദരണീയരായി മാറിയതും അങ്ങനെതന്നെ.

പ്രായം ഏറെചെന്ന് പിറകോട്ടു നോക്കുമ്പോൾ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന മധുരവും മനോഹരവുമായ ഓർമകൾ, കഴിച്ച രുചികരമായ ആഹാരത്തിന്റേതോ കുടിച്ച പാനീയത്തിന്റെതോ ആയിരിക്കില്ല. ധരിച്ച പ്രൗഢമായ വസ്ത്രത്തിന്റേതോ ഇരുന്ന കസേരയുടെതോ കിടന്ന കട്ടിലിന്റേതോ താമസിച്ച വീടിന്റേതോ സഞ്ചരിച്ച വാഹനത്തിന്റേതോ ആയിരിക്കില്ല. ഇത്തരം ശാരീരികാനുഭവങ്ങൾ നൽകുന്ന ഏതു സന്തോഷവും താൽക്കാലികമായിരിക്കും. ഏറ്റവും മധുരമായ ഓർമകൾ കഴിഞ്ഞ കാല ജീവിതത്തിൽ ചെയ്ത നന്മകളുടേതും സേവനപ്രവർത്തനങ്ങളുടേതും സഹിച്ച ത്യാഗങ്ങളുടേതുമായിരിക്കും. അവയിൽ തന്നെ ഏറ്റം ചേതോഹരവും ആഹ്ലാദകരവും ത്യാഗാനുഭവങ്ങളുടേതായിരിക്കും. ത്യാഗം അതനുഭവിക്കുന്നവർക്കു മാത്രമല്ല, അതേകുറിച്ചറിയുന്നവർക്കെല്ലാം ആവേശവും ആഹ്ലാദവും നൽകുന്നു. ത്യാഗികളുടെ സൽപേരുകൾ ചരിത്രത്തിൽ സ്ഥാനംപിടിക്കുന്നു. ദൈവസന്നിധിയിൽ മഹത്തായ പ്രതിഫലം അവരെ തേടിയെത്തുകയും ചെയ്യും. പക്ഷേ, ഏറെ പേരും ഇതൊന്നും ഓർക്കാറില്ല. അവർ ശാരീരികേഛകളുടെ പൂർത്തീകരണത്തിനായി അവയുടെ പിറകെ പോവുന്നു. മഹിതമായ ലക്ഷ്യങ്ങൾക്കായി ശരീരകാമനകളെ നിയന്ത്രിക്കുന്നതിലും നിരാകരിക്കുന്നതിലും പരാജയപ്പെടുന്നു. ത്യാഗത്തിന്റെ മാധുര്യമനുഭവിക്കാനാവാതെ മരണമടയുകയും ചെയ്യുന്നു. ■